LIBRARY ARCHIVES Kerala Legislative Assembly

പ്രൊഫഷണൽ കോളേജുകളിലെ ആഗ്ലോ-ഇന്ത്യൻ വിദ്യാർത്ഥികളുടെ എണ്ണം

11(2857) ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ആഗ്ലോ-ഇന്ത്യൻ വിദ്യാർത്ഥികൾക്ക് സംവരണം അനുവദിച്ച 23-5-2014-ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഈ അദ്ധ്യയന വർഷം പ്രൊഫഷണൽ കോളേജുകളിലെ ഓരോ കോഴ്സിലും പ്രവേശനം ലഭിച്ച ആഗ്ലോ-ഇന്ത്യൻ വിദ്യാർത്ഥികളുടെ എണ്ണം വ്യക്തമാക്കുമോ?

ഉത്തരം

സംവരണ വിഭാഗത്തിൽ 9 വിദ്യാർത്ഥികൾക്ക് അലോട്ട്മെന്റ് ലഭിച്ചിട്ടുണ്ട്. അലോട്ട്മെന്റ് ലഭിച്ച 9 ആഗ്ലോ-ഇന്ത്യൻ വിദ്യാർത്ഥികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	കോഴ്സിന്റെ പേര്	വിദ്യാർത്ഥികളുടെ എണ്ണം
1.	ആർക്കിടെക്ചർ	1
2.	കംപ്യൂട്ടർ സയൻസ് & എഞ്ചിനീയറിംഗ്	1
3.	സിവിൽ എഞ്ചിനീയറിംഗ്	1
4.	മെക്കാനിക്കൽ എഞ്ചിനീയറിംഗ്	3
5.	ഇലക്ട്രോണിക്&കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ്	1
6.	ഇലക്ട്രിക്കൽ&ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ്	1
7.	ബി.ഡി.എസ്സ്.	1

വടക്കാഞ്ചേരി കമ്മ്യൂണിറ്റി കോളേജിലെ വിദ്യാർത്ഥി പ്രവേശനം

12(T 2860) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി കമ്മ്യൂണിറ്റി കോളേജിലെ നടപ്പു വർഷത്തെ വിദ്യാർത്ഥി പ്രവേശനം തടസ്സപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കാരണം വ്യക്തമാക്കുമോ;

(ബി) പ്രവേശനം പുനരാംരംഭിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എന്നത്തേക്ക് പ്രവേശനം ആരംഭിക്കും;വ്യക്തമാക്കുമോ;

(സി) ഇൻക്യുബേറ്റിംഗ് ഏജൻസിയുമായി സർക്കാർ എം.ഒ.യു. ഒപ്പ് വച്ചിട്ടുണ്ടോ; എങ്കിൽ എത്ര വർഷത്തേക്കാണ് പുതിയ എം.ഒ.യു.;വിശദമാക്കുമോ;

(ഡി) പ്രസ്തുത കോളേജിൽ പുതിയ കോഴ്സുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി&ഡി) ഇല്ല.

കരുനാഗപ്പള്ളി സർക്കാർ കോളേജ്

13(2861) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കരുനാഗപ്പള്ളിയിൽ പുതിയതായി സർക്കാർ കോളേജ് ആരംഭിക്കുന്നതിന്റെ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; കോപ്പി ലഭ്യമാക്കുമോ ; ഇല്ലെങ്കിൽ പ്രസ്തുത ഉത്തരവ് പുറപ്പെടുവിക്കാനുള്ള കാലതാമസം എന്തെന്ന് അറിയിക്കാമോ?

ഉത്തരം

കരുനാഗപ്പള്ളിയിൽ ഗവൺമെന്റ് കോളേജ് ആരംഭിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സജീവ പരിഗണനയിലാണ്.

സ്കൂളുകളിലെ ഉച്ചഭക്ഷണ വിതരണം

14(2865) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സ്കൂളുകളിലാണ് ഉച്ചഭക്ഷണം വിതരണം ചെയ്യുവരുന്നത്;

(ബി) ഉച്ചഭക്ഷണ പദ്ധതിയുടെ ഫണ്ടിന്റെ സ്രോതസ്സ് എങ്ങനെയെന്ന് വെളിപ്പെടുത്താമോ;

(സി) ഈ അദ്ധ്യയന വർഷത്തേക്ക് ഉച്ചഭക്ഷണ പദ്ധതിക്കായി എന്ത് തുക ചെലവ് വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; തുക വകയിരുത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly